LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഓ. കോരൻ : ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി ട്രൈബൽ ബ്ലോക്കുകൾ രൂപീകരിക്കാനാണ് കേന്ദ്രഗവണ്മെൻറ് അറിയിച്ചിട്ടുള്ളത്. വടക്കേ ഇൻഡ്യയിലാണെങ്കിൽ ട്രൈബ്സ് എല്ലാംകൂടി ഒരു സ്ഥലത്താണ് താമസിക്കുന്നത്. എന്നാൽ ഇവിടെയാണെങ്കിൽ ട്രൈബ്സ് ചിന്നിച്ചിതറി താമസിക്കുന്നതുകൊണ്ട് അവരുടെ പൂർണ്ണമായ കണക്കെടുക്കാൻ സാധിക്കുന്നില്ല. ഇവരുടെയെല്ലാം ആകെ കണക്കെടുത്തു, അതിനനുസരിച്ചുള്ള വിഹിതം കേന്ദ്രത്തിൽനിന്നും വാങ്ങാൻ തയാറാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇതിനെ സംബന്ധിച്ച് ആലോചിക്കുന്നതിനു് ബ്ലോക്കു് ഡവലപ്പുമെൻറു കമ്മിറ്റിയുമായി നടന്ന ചർച്ചയിൽ ഞാനും സംബന്ധിക്കുകയുണ്ടായി. ഇവിടത്തെ പ്രത്യേകതകൾ പരിഗണിച്ച് ഇപ്പോൾ ട്രൈബ്സ് വിഭാഗത്തിൽപ്പെടാൻ അർഹതയുള്ളവരെ അതിൽ ചേർത്തുകൊണ്ട് സഹായം ചെയ്തുകൊടുക്കാൻ കഴിയുന്നതും വേഗം നടപടികളെടുക്കാവുന്നതാണു്. ഇതിനെ സംബന്ധിച്ച് ഒരു അവസാനതീരുമാനവും എടുത്തിട്ടില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : നമ്മുടെ സ്റ്റേറ്റിൽ കുറെക്കാലം മുമ്പ് ബാക്ക്വേർഡ് ആൻറ് അദർ ബാക്ക്വേർഡ് വിഭാഗത്തിൽ വളരെ കുറച്ചാളുകൾമാത്രമേ ഉൾപ്പെട്ടിരുന്നുള്ളുവെന്നും, എന്നാൽ അതിലിപ്പോൾ കൂടുതൽ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നുമുള്ള കാര്യം മനസ്സിൽ വച്ചുകൊണ്ടും, പട്ടിക ജാതിയിൽപെടാൻ അർഹതയുള്ളവരെ ഇനിയും അതിൽപ്പെടുത്തിയിട്ടില്ലെന്നുള്ള സത്യം മനസ്സിൽവെച്ചുകൊണ്ടും, അവരെയെല്ലാംകൂടി പട്ടികജാതിയിൽപ്പെടുത്തണമെന്നുള്ള നിവേദനങ്ങൾ ഗവണ്മെൻറിലേക്കു് കൊടുത്തിട്ടുള്ളതിനെ പരിഗണിച്ചും, അത്തരം വിഭാഗങ്ങളെകൂടി ഉൾപ്പെടുത്തിക്കൊണ്ട് ട്രൈബൽ ബ്ലോക്കു് രൂപീകരിക്കാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പല ഉപാധികളെപ്പറ്റിയും പറഞ്ഞു. അതിനെ സംബന്ധിച്ച് എന്തു് ഉത്തരമാണു് പറയേണ്ടതെന്നുള്ളതു് എനിക്കറിഞ്ഞുകൂടാ.

ടാക്സി കാറുകളുടെ ടാക്സ്

* 275. [14] ശ്രീ. എൻ. ഗോപാലക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി കാറുകൾക്കു് ഒരു കാർട്ടറിൽ എത്ര രൂപയാണു് ടാക്സടയ്ക്കേണ്ടതു് ;

(ബി) മദ്രാസ് സ്റ്റേറ്റിലേതിൽനിന്നു് എന്തു വ്യത്യാസമുണ്ടു് ;

(സി) ഒരു കാറിൽ 4 പേരെ മാത്രമേ കയറാവൂ എന്നു് നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഡി) മദ്രാസു് സംസ്ഥാനത്തു് ഇതേതരം ടാക്സികളിൽ 5 പേരെ കയറാൻ അനുവാദമുള്ളപ്പോൾ ഇവിടെ 4 എന്നു നിഷ്കർഷിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ;

(ഈ) ഇന്നുള്ള നിയന്ത്രണം മാറ്റി 5 പേരെ കയറാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു് വേണ്ട നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) മൂന്നു യാത്രക്കാരെവരെ കയറ്റിക്കൊണ്ടു പോകാവുന്ന ടാക്സിയ്ക്കു് നാൽപ്പത്തു് രൂപയും, മൂന്നിനുമേൽ അഞ്ചുവരെ യാത്രക്കാരെ കയറ്റിക്കൊണ്ടു പോകാവുന്ന ടാക്സിയ്ക്കു് 100 രൂപയുമാണു് അടയ്ക്കേണ്ടതു്.

(ബി) മദ്രാസു് സംസ്ഥാനത്തിൽ മദ്രാസു് സിറ്റിയ്ക്കുള്ളിൽ ഓടുന്ന ടാക്സികൾക്കു് എഴുപത്തിയഞ്ചു രൂപയാണു് ടാക്സ്.

(സി) നാലുപേരെ മാത്രമേ കയറ്റാവൂ എന്നു് ഗവണ്മെൻറു് നിഷ്കർഷിച്ചിട്ടില്ല. ടാക്സിയിൽ കയറ്റാവുന്ന ആളുകളുടെ എണ്ണം നിശ്ചയിക്കുന്നതു് രജിസ്റ്ററിംഗ് അതോറിറ്റിയാണു്. പൊതുവേ നാലുപേരെയാണു് കയറ്റാൻ അനുവദിക്കുന്നതു്.

(ഡി, ഈ) വണ്ടിയ്ക്കുകത്തുള്ള സ്ഥലസൗകര്യം കണക്കിലെടുത്തുകൊണ്ടാണു് രജിസ്റ്ററിംഗ് അതോറിറ്റി അതിൽ കയറ്റാവുന്ന ആളുകളുടെ എണ്ണം നിശ്ചയിക്കുന്നതു്. മാറ്റം വരുത്തുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

Mr. Speaker : Question No. 19 also may be answered.

ടാക്സി കാറുകൾ.

* 276. [19] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ടാക്സി കാറുകളിൽ അഞ്ചു യാത്രക്കാരെവീതം കയറ്റാൻ അനുവദിക്കുന്നതാണെന്നു് 1963 ഏപ്രിൽ 18-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ഒരു പത്രപ്രസ്താവനയിൽക്കൂടി വെളിപ്പെടുത്തിയിട്ടുണ്ടോ ;

(ബി) മദ്രാസ് സംസ്ഥാനത്തിൽ കന്യാകുമാരി ജില്ലയിൽ ടാക്സി കാറുകളിൽ അഞ്ചുപേരെ കയറ്റാൻ ഇപ്പോഴും അനുവാദം നൽകിയിട്ടുണ്ടു് എന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയ്ക്കുശേഷവും അഞ്ചു യാത്രക്കാരെവീതം കയറ്റി ഓടിക്കുന്ന ടാക്സി കാറുകളുടെമേൽ പോലീസ് അധികൃതർ നടപടികൾ നടത്തിവരുന്ന വിവരം ഗവണ്മെൻറിനറിവു ലഭിച്ചിട്ടുണ്ടോ ;

(ഡി) അത്തരം നടപടികൾ മേലിലെങ്കിലും ഒഴിവാക്കാൻ ബന്ധപ്പെട്ട അധികൃതർക്കു് നിർദ്ദേശങ്ങൾ നൽകുവാൻ ഗവണ്മെൻറു് ഉത്തരവുണ്ടാകുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) പരിശോധിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. കൃത്യ തീയതി നിശ്ചയമില്ല.

(ബി) മദ്രാസ് സംസ്ഥാനത്തിൽ വലിയ ടാക്സികളിൽ അഞ്ചുപേരെ കയറ്റാൻ അനുവദിച്ചിട്ടുണ്ടു്.

(സി) പെർമിറ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ പേരിൽ മാത്രമേ നടപടികൾ എടുത്തിട്ടുള്ളൂ.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. അനിരുദ്ധൻ : കഴിഞ്ഞ കുറെ മാസങ്ങൾക്കു മുമ്പു് ഇവിടത്തെ ചീഫ് മിനിസ്റ്ററും, ലേബർ മിനിസ്റ്ററുംകൂടി ഇവിടെയുള്ള ടാക്സി കാറുകളിൽ നാലുപേർ എന്നുള്ളതു് മാറ്റി അഞ്ചുപേരെ കയറ്റാനുള്ള ഏർപ്പാടുകൾ ചെയ്യാമെന്നു് ഏറ്റിട്ടുണ്ടെങ്കിലും, അതു് ഇതുവരെയും നടപ്പിലാക്കി കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? കഴിയുന്നതുംവേഗം അതു് നടപ്പിലാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ? മദ്രാസ് സ്റ്റേറ്റിലെ പല സ്ഥലങ്ങളിലും ഈ സമ്പ്രദായം നിലവിലുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly